പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.354

28.01.2019 ൽ മറുപടിയ്ക്ക്

അവശ്യവസ്തുക്കളുടെ വിലനിയന്ത്രണവും ഗുണനിലവാരവും

ചോദ്യം

ശ്രീ.എസ്.ശർമ്മ
ശ്രീ.ബി.ഡി. ദേവസ്സി
ശ്രീ.സി. കെ. ശശീന്ദ്രൻ
ശ്രീ.വി.അബ്ദുറഹിമാൻ

ഉത്തരം

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിതരണം ചെയ്യുന്ന പതിമൂന്നിനം അവശ്യവസ്തുക്കളുടെ വില വർദ്ധിപ്പിക്കില്ലെന്ന തീരുമാനവും മൂന്നിനം അവശ്യ വസ്തുക്കളുടെ വില മൂന്നിലൊന്നു കുറച്ച നടപടിയും പൊതുവിപണി യിൽ അവശ്യ വസ്തുക്കളുടെ വില നിയന്ത്രിച്ചു നിർത്തുന്നതിന് എത്രമാത്രം ഫലപ്രദമായിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | സർക്കാരിന്റെ പ്രഖ്യാപിത നയം അനുസരിച്ച് സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്യുന്ന സബ്സിഡി സാധനങ്ങളുടെ വില വർദ്ധിപ്പിക്കുന്നില്ലായെന്നതും സബ്സിഡി സാധനങ്ങളുടെ വിലകൾക്ക് പൊതുവിപണിയിലേതിനേക്കാൾ 60% വരെ വിലക്കുറവ് ഉണ്ടെന്നതും അവയുടെ വില നിയന്ത്രണ വിധേയമായി നിർത്തുന്നതിന് സഹായകരമാകുന്നുണ്ട്.<br><br>വിലസ്ഥിരതാ ഫണ്ട് ഉപയോഗിച്ച് നാഫെഡിൽ നിന്നും സംഭരിച്ച ചെറുപയർ, കടല, തുവരപ്പരിപ്പ് എന്നിവയുടെ സബ്സിഡി വിൽപ്പനവില സർക്കാർ നിശ്ചയിച്ചിട്ടുള്ള വിലയിൽ നിന്നും ഗണ്യമായ കുറവ് വരുത്തി ഉപഭോക്താക്കൾക്ക് വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ട്. പൊതു വിപണിയിൽ ലഭ്യമായതിൽ ഏറ്റവും കുറഞ്ഞ വിലയ്ക്കാണ് ഇവ വിതരണം ചെയ്യുന്നത്.<br><br>ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴത്തെയും നിലവിലെയും പൊതുവിപണി വിലകൾ താരതമ്യം ചെയ്തിട്ടുള്ള പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. വലിയ തോതിൽ അരി ഉപഭോഗം ഉള്ള സംസ്ഥാന ആയിരുന്നിട്ടും, അരി വിലയിൽ കുത്തനെ വർദ്ധനവ് ഉണ്ടാകാത്തത്, സപ്ലൈകോ ഉൾക്കൊള്ളുന്ന സംസ്ഥാനത്തെ പൊതുവിതരണ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നതിനാലാണ്. |
| (ബി) | സപ്ലൈകോ വിപണനശാലകളിലൂടെ വിൽക്കുന്ന ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും ക്രമക്കേട് | (ബി) | സപ്ലൈകോ വ്യക്തമായ ഗുണനിലവാര മാനദണ്ഡങ്ങൾ പ്രകാരമാണ് ഭക്ഷ്യവസ്തുക്കൾ വാങ്ങുന്നതും വില്ക്കുന്നതും. സപ്ലൈകോ ഡിപ്പോകളിലെയും NFSA ഗോഡൗണുകളിലെയും ക്വാളിറ്റി |

| | | | |
|---|---|---|---|
| | ഒഴിവാക്കി ഇവയുടെ പർച്ചേസ് സുതാര്യമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | | അഷ്വറൻസ് കമ്മിറ്റികൾ ഡിപ്പോകളിൽ ലഭിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം നിയമ പ്രകാര മാണെന്ന് ഉറപ്പു വരുത്തുവാൻ പരിശോധന നടത്തിയതിനുശേഷമാണ് സാധനങ്ങൾ സ്വീകരിക്കുന്നത്. ആവശ്യമെങ്കിൽ സാമ്പിളുകൾ റീജിയണൽ അനലിറ്റിക്കൽ ലാബിലും NABL (National Accreditation Board for Testing and Calibration Laboratories) അംഗീകാരമുള്ള ലാബിലും കോന്നിയിലുള്ള CFRD (Council for Food Research & Development) ലാബിലും പരിശോധിച്ച് ഗുണമേന്മ ഉറപ്പു വരുത്തുന്നുണ്ട്. കോർപ്പറേഷൻ വിൽക്കുന്ന പാക്കറ്റ് വസ്തുക്കൾക്ക് ISO 22000/ HACCP/ AGMARK/ FSSAI ഗുണനിലവാരം നിർബന്ധമാക്കിയിട്ടുണ്ട്. ടി പരിശോധന റിപ്പോർട്ടുകൾ സംസ്ഥാന ഭക്ഷ്യസുരക്ഷാ വിഭാഗത്തിനു നൽകി പൊതുവിപണിയിലും തുടർ പരിശോധനകൾ സാധ്യമാക്കിയിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 2½ മാസത്തേക്ക് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ, ഡിപ്പോകളിൽ നിന്നും ഇൻഡൻറ് ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ, ഡിപ്പോയിലെ സ്ഥല സൗകര്യം, ഫണ്ടിന്റെ പര്യാപ്തത തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ച് എല്ലാ മാസവും കേന്ദ്രീകൃത സംവിധാനം വഴി ഇ-ടെൻഡർ മുഖേനയാണ് അരി, പഞ്ചസാര എന്നിവ ഉൾപ്പെടെയുള്ള 28 ഇനം പലവ്യഞ്ജന സാധനങ്ങൾ വാങ്ങി വിൽപനശാലകളിലൂടെ വിൽപന നടത്തുന്നത്. ഏറ്റവും സുതാര്യമായ ഡിജിറ്റൽ കീ സംവിധാന ത്തോട് കൂടിയ ഇ-ടെൻഡർ മുഖാന്തിരം സാധനങ്ങൾ വാങ്ങുന്നതിനാൽ സുതാര്യത ഉറപ്പു വരുത്തി ഏറ്റവും കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ വാങ്ങി ദൗർലഭ്യമില്ലാതെ യഥാസമയം വിതരണം നടത്തുവാൻ സാധിക്കുന്നു. |
| (സി) | സാമ്പത്തിക സുസ്ഥിരത കൈവരിക്കുന്നതിനായി സപ്ലൈകോയുടെ വ്യാപാര മേഖല വിപുലീകരിക്കാൻ പദ്ധതിയുണ്ടോ; വിശദാംശം അറിയിക്കാമോ? | (സി) | ഉണ്ട്. ഗൃഹോപകരണ വിപണിക്ക് മികച്ച സാധ്യതയുള്ള സംസ്ഥാനത്ത്, കൂടുതൽ ഉപഭോക്താക്കളെ സപ്ലൈകോയിലേക്ക് ആകർഷിക്കുന്നതിനും ഗൃഹോപകരണ വിപണി യിലെ ചൂഷണം അവസാനിപ്പിക്കുന്നതിനുമായി, 2018 – 19 സാമ്പത്തിക വർഷത്തിൽ സപ്ലൈകോ ഗൃഹോപകരണ വിപണി ആരംഭിക്കുന്നിതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. |

| | | | |
|---|---|---|---|
| | | | എം.ആർ.പി.യിൽ നിന്നും ശരാശരി 40% വരെ വിലക്കുറവ് ലഭ്യമാകുന്ന രീതിയിലാണ് വിപണനം ക്രമീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | ഇനം | പൊതു വിപണി വില (രൂപ കി.ഗ്രാമിന്) | | സപ്ലൈകോയിലെ സബ്സിഡി വില്പന വില (രൂപ കി.ഗ്രാമിന്) | |
|---|---|---|---|---|---|
| | | 25/05/2016 | 19/01/2019 | 2016 മെയ് | 2019 ജനുവരി |
| 1 | ചെറുപയർ | 107.50 | 89.93 | 74.00 | 59.00 |
| 2 | ഉഴുന്ന് ബോൾ | 180.93 | 80.36 | 66.00 | 60.00 |
| 3 | വൻ കടല | 83.85 | 71.43 | 43.00 | 39.00 |
| 4 | വൻ പയർ | 68.07 | 69.43 | 45.00 | 45.00 |
| 5 | തുവര പരിപ്പ് | 151.36 | 81.79 | 65.00 | 49.00 |
| 6 | മുളക് | 161.64 | 124.57 | 75.00 | 75.00 |
| 7 | മല്ലി | 115.36 | 85.14 | 92.00 | 75.00 |
| 8 | പഞ്ചസാര | 39.79 | 33.57 | 22.00 | 22.00 |
| 9 | വെളിച്ചെണ്ണ | 114.50 | 228.92 | 88.00 | 90.00* |
| 10 | ജയ അരി | 30.00 | 40.00 | 25.00 | 25.00 |
| 11 | കുറുവ അരി | 30.00 | 37.00 | 25.00 | 25.00 |
| 12 | മട്ട അരി | 33.86 | 41.43 | 24.00 | 24.00 |
| 13 | പച്ചരി | 28.33 | 34.33 | 23.00 | 23.00 |
| 14 | ആന്ധ്ര ഇതര ജയ അരി | 30.00 | 36.00 | | 25.00 |

* വില്പന നികുതി വർദ്ധിച്ചതിനാലാണ് വെളിച്ചെണ്ണ വില 2 രൂപ കൂടിയത്

(signature)
സെക്ഷൻ ഓഫീസർ